(ബി) പഞ്ചിംഗം അടിസ്ഥാനത്തിലുള്ള ഹാജർ സംവിധാനം നിലവിലുള്ള പ്രസ്തുത സ്ഥാപനത്തിന് സമീപം ബസ് സ്റ്റോപ്പ് അനുവദിച്ച് ഈ സ്ഥാപനത്തിലെ ജീവനക്കാരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സ്ഥാപനത്തിൽ നിന്നും ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള പ്രത്യേക അപേക്ഷകൾ ഒന്നും എറണാകുളം ആർ.റ്റി. ഓഫീസിൽ ലഭിച്ചിട്ടില്ല. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബസ് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യത്തിൽ ആർ.റ്റി.ഒ.-ക്ക് തീരുമാനമെടുക്കാവുന്നതേയുള്ളൂ.

നേമം ഹോമിയോ കോളേജ് ജംഗ്ഷനിൽ സിറ്റിഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

84 (4244) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നേമം ഹോമിയോ കോളേജ് ജംഗ്ഷനിൽ സിറ്റി ഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് ലഭിക്കുന്നതിനായി വിദ്യാർത്ഥികളും ജീവനക്കാരും നാട്ടുകാരും ചേർന്ന് നൽകിയ നിവേദനത്തിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജംഗ്ഷനിൽ സിറ്റിഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് ഇല്ലാത്തതിനാൽ വിദ്യാർത്ഥികളടക്കമുള്ള യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് അവിടെ സ്റ്റോപ്പ് അനുവദിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) നേമം ഹോമിയോ കോളേജ് ജംഗ്ഷനിൽ നിന്നും തൊട്ടടുത്ത സിറ്റി ഫാസ്റ്റ് സ്റ്റോപ്പിന്റെ അകലം 200 മീറ്ററിൽ കുറവായതിനാൽ ടി സ്ഥലത്ത് ബസ് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ

85 (4245) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകളാണ് 2000-01 കാലയളവിൽ ഓപ്പറേറ്റ് ചെയ്തിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly